മൂന്നു വർഷക്കാലത്തിനിടയിൽ ആഭ്യന്തരവകുപ്പ് സെക്രട്ടറിയും, വെൽഫെയർ ബോർഡ് ചെയർമാനും, എ.ഐ.സി.പി.എം.എഫ്. എക്സ് സർവ്വീസ്മെൻ വെൽഫെയർ അസോസിയേഷനും നൽകിയ കത്തുകൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ക്യാന്റീനുകൂടി വാറ്റ് ഒഴിവാക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദ വിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) നിലവിൽ വാറ്റ് ഒഴിവാക്കുന്നതിനായി നടപടിയൊന്നും സ്വീകരിച്ചിട്ടില്ല കേരള മൂല്യവർദ്ധിത നികുതി നിയമത്തിന്റെ 6(1)ാം വകുപ്പിന്റെ 5-ാം പ്രൊവിസോ പ്രകാരം മിലിട്ടറി, നേവൽ, എയർഫോഴ്സ് അല്ലെങ്കിൽ എൻ.സി.സി ക്യാന്റീനുകൾ, ഇന്ത്യൻ നേവൽ ക്യാന്റീൻ സർവ്വീസ്, ക്യാന്റീൻ സ്റ്റോഴ്സ് ഡിപ്പാർട്ട്മെന്റ് വഴി വിൽക്കുന്ന സാധനങ്ങൾക്കുമാത്രമേ പകുതി നികുതി നിരക്കെന്ന ആനുകൂല്യം ബാധകമാക്കിയിട്ടുള്ളു.ഈ മേഖലയിലും പിർണ്ണ നികുതി ഒഴിവൊന്നും നൽകിയിട്ടില്ല.

എ.ഡി.ബി. യിൽനിന്നും ലഭിച്ച വായ്പ

196(1453) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുസ്ഥിര നഗരവികസന പദ്ധതിക്കുവേണ്ടി എ.ഡി.ബി.യിൽ നിന്നും എത്ര രൂപ വായ്പയായി ലഭിച്ചു ;

(ബി) ഓരോ നഗരസഭയും വായ്പയ്ക്കുവേണ്ടി എത്ര കോടിയുടെ പദ്ധതിയാണ് സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) 2009-10 സാമ്പത്തികവർഷം എ.ഡി.ബി. വായ്പയായി എത്ര കോടി രൂപ ലഭിച്ചുവെന്നും, എത്ര കോടി ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഡി) 2010-11 സാമ്പത്തികവർഷം എ.ഡി.ബി. വായ്പയായി എത്ര കോടി രൂപ ലഭിച്ചുവെന്നും, 2010 ഡിസംബർ 31 വരെ എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സുസ്ഥിര നഗരവികസന പദ്ധതിക്കായി എ.ഡി.ബി.യിൽ നിന്നും മുൻകൂറായി വായ്പ ലഭിക്കില്ല.പ്രസ്തുത പദ്ധതിക്കായി 995 കോടി രൂപയാണ് വായ്പയായി ധാരണയായിട്ടുള്ളത്. ചെലവഴിക്കുന്ന തുകയ്ക്ക് റീ-ഇംബേഴ്സ്മെന്റായാണ് ഈ തുക ലഭിക്കുന്നത്. ഇതുവരെ റീ-ഇംബേഴ്സ്മെന്റായി 184.93 കോടി രൂപ ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി)	നമ്പർ	നഗരസഭ	പദ്ധതി അടങ്കൽ
	1	തിരുവനന്തപുരം	121.64 കോടി രൂപ
	2	കൊല്ലം	131.27 കോടി രൂപ
	3	കൊച്ചി	197.47 കോടി രൂപ
	4	തൃശ്ശൂർ	114.94 കോടി രൂപ
	5	കോഴിക്കോട്	134.65 കോടി രൂപ
		ആകെ	699.97 കോടി രൂപ

(സി) കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ നടത്തിപ്പിനായി എ.ഡി.ബി.യിൽ നിന്നും മുൻകൂറായി വായ്പ ലഭിക്കുന്നില്ല. ഈ പദ്ധതിക്ക് സംസ്ഥാന സർക്കാർ ചെലവാക്കുന്ന മുറക്ക് എ.ഡി.ബി. റീ-ഇംബേഴ്സ്മെന്റ് നൽകുകയാണ് ചെയ്യുന്നത്. 2009-10 ൽ പദ്ധതി നിർവ്വഹണത്തിനായി ചെലവഴിച്ച 111.66 കോടി രൂപയിൽ 63.29 കോടി രൂപ റീ-ഇംബേഴ്സ്മെന്റായി സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടുണ്ട്.

(ഡി) കേരള സുസ്ഥിര വികസന പദ്ധതിക്ക് സംസ്ഥാനങ്ങൾ ചെലവാക്കുന്ന മുറക്ക് എ.ഡി.ബി. റീ-ഇംബേഴ്സ്മെന്റ് നൽകുകയാണ് ചെയ്യുന്നത്. 2010-11-ൽ 31-12-2010-വരെ ചെലവഴിച്ച 71.68 കോടി രൂപയിൽ 58.56 കോടി രൂപ റീ-ഇംബേഴ്സ്മെന്റായി സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടുണ്ട്.

ഭവനവായ്പ എഴുതിത്തള്ളുന്നതിന് നടപടി

197(1454) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീ, അയൽക്കൂട്ടം സ്കീമിൽ വരുന്ന തൊഴിലാളികൾക്ക് ബാങ്കുവഴി അനുവദിച്ചിട്ടുള്ള ഭവനവായ്പ എഴുതിത്തള്ളുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ വായ്പയെടുത്ത തൊഴിലാളികളുടെ ആധാരം ഉൾപ്പെടെയുള്ള രേഖകൾ ബാങ്കിൽ നിന്നും റിലീസ് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കുടുംബശ്രീ, അയൽക്കൂട്ടം സ്കീമിൽ വരുന്ന തൊഴിലാളികൾക്ക് മാത്രമായി അനുവദിച്ച ബാങ്കുവായ്പ എഴുതിത്തള്ളുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടില്ല എന്നാൽ കുടുംബശ്രീ നടപ്പിലാക്കിയ ഭവനവായ്പാ പദ്ധതിയായ ഭവനശ്രീ വായ്പ കുടിശ്ശിക എഴുതി തള്ളുന്നതിന് ധനകാര്യവകുപ്പ് അധികാരം നൽകുകയും ഇതനുസരിച്ച് സ.ഉ.(കൈ) നമ്പർ.211/2010/ത.സ്വ.ഭ.വ. തീതി 13-9-2010 പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly